കൂമൻകാവിൽ രവി ബസ്സിറങ്ങിയിട്ട് 50 വർഷങ്ങൾ കഴിയുന്നു...

ഒ വി വിജയന്റെ "ഖസാക്കിന്റെ ഇതിഹാസം" സുവർണ്ണ ജൂബിലി നിറവിൽ..

ഈ അമ്പതുവർഷത്തിൽ, പലർക്കും പല രീതിയിൽ വായിക്കാനും പല വ്യാഖ്യാനങ്ങൾ നൽകാനും വെറും 168 പേജുള്ള പുസ്തകത്തിന് കഴിഞ്ഞു. ഇന്നും നിർത്താതെയുള്ള വായനകളും, ചർച്ചകളും, പഠനങ്ങളും....

മലയാളനോവൽ സാഹിത്യത്തെ ക്ലാസ്സിക് തലത്തിലേക്കുയർത്തിയ കാലാതിവർത്തിയായ കൃതിയാണ് ഖസാക്കിന്റെ ഇതിഹാസം. മലയാളനോവൽ സാഹിത്യം ഖസാക്കിന് മുന്നും ഖസാക്കിന് ശേഷവും എന്നു വിശേഷിപ്പിക്കപ്പെടാനും ഈ കൃതി കാരണമായി.

ആയിരത്തിതൊള്ളായിരത്തി അമ്പതുകളിൽ, ഒ വി വിജയൻ തന്റെ സഹോദരി ഒ വി ഉഷ ജോലി ചെയ്തിരുന്ന തസ്രാക്ക് എന്ന പാലക്കാടൻ ഗ്രാമത്തിൽ കുറെ നാളുകൾ താമസിച്ചിരുന്നു. അവിടത്തെ ഗ്രാമീണപശ്ചാത്തലങ്ങൾ ആണ് ഈ നോവലിന് അദ്ദേഹത്തിന്റെ പ്രചോദനം. അവിടെ നിന്നും ഡൽഹിയിൽ എത്തിയശേഷമാണ് അദ്ദേഹം ഈ നോവൽ എഴുതിയത്. പിന്നീട് പന്ത്രണ്ടു വർഷത്തോളം കൈയെഴുത്തുപ്രതി പ്രസിദ്ധീകരിക്കാതെ കൊണ്ടുനടന്നു.

കരിമ്പനകൾ നിറഞ്ഞ ഒരു പാലക്കാടൻ താഴ്‌വര, ഖസാക്ക്. പരിഷ്കാരം കടന്നുവരാത്ത ആ ഗ്രാമത്തിലെ ഏക അധ്യാപകവിദ്യാലയത്തിലെക്ക് അധ്യാപകൻ ആയി രവി എത്തുന്നത്തോടെ തുടങ്ങുന്ന നോവൽ, അവിടുത്തെ മിത്തുകളും, ചരിത്രവും, കാഴ്ചകളും വിശ്വാസങ്ങളുമായി പല പല ഉപകഥകളായി, നീറ്റി നീറ്റി കൊണ്ടു പോകുന്നു. കുറേ മനുഷ്യരുടെ ജീവിതങ്ങളിലൂടെ, ഒരു ഗ്രാമത്തിന്റെ കഥ.

ഒരു ദേശത്തിന്റെ സംസ്കാരത്തെയും, പാരമ്പര്യത്തെയും, ഭാഷയെയും, അന്ധവിശ്വാസങ്ങളെയും നന്നായി അവതരിപ്പിക്കുന്ന പുസ്തകം, ചിതലിമലയുടെ മിനാരങ്ങളും, ഷേയ്ക്കിന്റെ കല്ലറയും, രാജാവിന്റെ പള്ളിയും , അറബിക്കുളവും , ഞാറ്റുപുരയും, പോതി കുടിപാർക്കുന്ന പുളിങ്കൊമ്പുമൊക്കെയായി നമ്മളിൽ പടർന്നു പിടിക്കും. രവി, മാധവൻ നായർ, കുപ്പുവച്ചൻ, അപ്പുക്കിളി, നൈജാമലി,മൈമുന, കുഞ്ഞാമിന, മുങ്ങാങ്കോഴി, അള്ളാപ്പിച്ചാമൊല്ലാക്ക തുടങ്ങിയവരൊക്കെ നിറഞ്ഞാടും.

മനുഷ്യന്റെ വിഷാദവും, പാപവും, പാപബോധവും ആണ് പ്രധാനമായും നോവൽ കൈകാര്യം ചെയ്യുന്നതെന്നാണ് ഭൂരിപക്ഷം നിരൂപകരുടെയും വിലയിരുത്തൽ. പാപത്തിന്റെയും, ലൈംഗികതയുടെയും സ്വയനാശത്തിന്റെയും ഇതിഹാസം.

അന്ന് വരെയുള്ള മലയാളം നോവലിൽ നിന്നും തികച്ചും വ്യത്യസ്തമാർന്ന ശൈലിയായിരുന്നു വിജയൻ സ്വീകരിച്ചത്. പ്രമേയത്തിന്റെ പ്രത്യേകതയും, അവതരണത്തിന്റെയും ഭാഷയുടെയും പുതുമയും കൊണ്ട് ഖസാക്കിന്റെ ഇതിഹാസം മലയാള സാഹിത്യത്തിലെ ക്ലാസിക് കൃതിയായി.

1969-ൽ പ്രസിദ്ധീകൃതമായ ഈ നോവൽ അതുവരെയുണ്ടായിരുന്ന സാഹിത്യസങ്കൽപ്പങ്ങളെ മാറ്റിമറിച്ചു. ഖസാക്കിന്റെ ഭാഷ അന്നു വരെ മലയാളി പരിചയിച്ചിട്ടില്ലാത്ത പുതിയൊരു തരം മലയാളമായിരുന്നു. അപരിചിതമായ വാക്കുകളും ശൈലികളും ഖസാക്കിൽ അവർ കണ്ടു. ആ ഭാഷ മലയാളത്തിന്റെ സാഹിത്യതലമുറയിൽ പുതിയൊരു ഭാഷാവബോധവും ശൈലീതരംഗവും സൃഷ്ടിച്ചു. ഖസാക്കിന്റെ സ്വാധീനം യുവതലമുറയുടെ അക്ഷരങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും കടന്നുവന്നു.

പ്രമേയപരമായും ഖസാക്ക് മലയാളസാഹിത്യത്തിൽ വിപ്ലവം സൃഷ്ടിച്ചു. പരസ്ത്രീഗമനം നടത്തുന്ന, നെഗറ്റീവ് ഇമേജ് ഉള്ള നായകന്മാർ അതുവരേയ്ക്കും മലയാള സാഹിത്യത്തിന്

അന്യമായിരുന്നു. അക്കാലം വരെ ആദർശധീരരായ നായകന്മാരായിരുന്നു സാഹിത്യലോകത്തിൽ പ്രധാനമായും ഉണ്ടായിരുന്നത്. ആ ചരിത്രസന്ധിയിലേയ്ക്കാണ് രവിയെന്ന, തോന്നിയപടി ജീവിക്കുന്ന, അസന്മാർഗിയായ നായകൻ ധൈര്യപൂർവ്വം കയറിവന്നത്. ആദ്യമൊക്കെ മലയാളസാഹിത്യലോകമപ്പാടെ അന്ധാളിച്ച് പോയി. പതിയെ ചർച്ചയായി വായനയായി അവരതിനെ ഏറ്റെടുത്തു. ഖസാക്ക് മാറ്റത്തിന്റെ പതാകയായി മലയാളസാഹിത്യത്തിൽ ഉയർന്നുനിന്നു. അതിന്റെ തണലിൽ പുതിയ എഴുത്തുകാർ ധൈര്യത്തിന്റെയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെയും പുതിയ തുരുത്തുകൾ കണ്ടെത്തി. അങ്ങനെ മലയാളനോവൽ സാഹിത്യം "ഖസാക്ക് പൂർവ്വമെന്നും ഖസാക്കാനന്തരമെന്നും" രണ്ടായി വിഭജിക്കപ്പെട്ടു.

പാലക്കാട് തസ്രാക്കിൽ അദ്ദേഹം താമസിച്ചിരുന്ന ഞാറ്റുപുര ഇന്ന് ഒ വി വിജയൻ സ്മാരകം ആണ്.

ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ് ഭാഷകളിൽ വിവർത്തനം ചെയ്തിട്ടുള്ള ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ വിജയൻ തന്നെയാണ് ചെയ്തത്.

1968ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 28 ലക്കങ്ങളായി പ്രസിദ്ധീകരിച്ച ഖസാക്കിന്റെ ഇതിഹാസം 1969ൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം പുസ്തകരൂപത്തിൽ പുറത്തിറക്കുകയായിരുന്നു. 1990 മുതൽ ഡിസി ബുക്ക്സ് ആണ് പ്രസാധകർ.

1930ൽ പാലക്കാട് വിളയൻ ചാത്തന്നൂരിൽ ജനിച്ച ഒ വി വിജയൻ പത്ര പ്രവർത്തകനും കാർട്ടൂണിസ്റ്റും ആയിരുന്നു. കേരള, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. 2003ൽ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചു. ധർമപുരാണം, ഗുരുസാഗരം, തലമുറകൾ പ്രവാചകന്റെ വഴി എന്നിവയാണ് മറ്റു പ്രധാന കൃതികൾ. 2005 മാർച്ച് 30ന് അന്തരിച്ചു.

(ചില വരികളും നിഗമനങ്ങളും ചില പഠനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാണ് )